05 ഒക്ടോബർ 05
വാല്യം. 36
ലക്കം. 18


മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla
on 05-10-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

ഒഹായോയിൽ മാധ്യമ സംഗമം

കുര്യൻ ഫിലിപ്പ്





സിൻസിനാറ്റി, ഒഹായോ: ഇന്ത്യൻ വംശജരായ മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയായ ഇന്തോ അമേരിക്കൻ പ്രസ് ക്ലബ്ബിന്റെ 11ാമത് വാർഷിക രാജ്യാന്തര മാധ്യമ സമ്മേളനം 2026 ഒക്ടോബർ 16 മുതൽ 18 വരെ ഒഹായോയിലെ സിൻസിനാറ്റിയിൽ നടക്കും.

മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ഈ ആഗോള സംഗമത്തിൽ വടക്കേ അമേരിക്ക, ഇന്ത്യ, യൂറോപ്പ്, പശ്ചിമേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള മുതിർന്ന മാധ്യമപ്രവർത്തകർ പങ്കെടുക്കും. ധാർമ്മിക മാധ്യമപ്രവർത്തനം, മാധ്യമ രംഗത്തെ ഡിജിറ്റൽ പരിവർത്തനം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്,പ്രവാസി ആശയവിനിമയം, പത്രസ്വാതന്ത്ര്യം, ആഗോള വിവര സാങ്കേതിക രംഗത്തെ പുതിയ പ്രവണതകൾ എന്നിവയെക്കുറിച്ചുള്ള ചർച്ചകൾക്ക് സമ്മേളനം വേദിയാകും.

ഐ.എ.പി.സി. ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ഡയറക്ടർ ബോർഡിന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ പ്രമുഖരുടെ മുഖ്യപ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, ലീഡർഷിപ്പ് ഫോറങ്ങൾ, ശിൽപശാലകൾ, സാംസ്കാരിക പരിപാടികൾ എന്നിവ ഉണ്ടായിരിക്കും.


സമ്മേളനത്തിൽ മൈക്ക് ഡിവിൻ (ഒഹായോ ഗവർണർ), ഗ്രെഗ് ലാൻഡ്സ്മാൻ (യു.എസ്. കോൺഗ്രസ് അംഗം), ഡേവിഡ് ടെയ്ലർ (യു.എസ്. കോൺഗ്രസ് അംഗം), വിനയ് കാത്ര (യു.എസിലെ ഇന്ത്യൻ അംബാസഡർ), അഫ്താബ് പുരേവാൽ (സിൻസിനാറ്റി മേയർ), ഡോ. എം. ആനന്ദ് പ്രകാശ് (കോൺസൽ ജനറൽ ഓഫ് ഇന്ത്യ), മാത്യു സാമുവൽ (പ്രമുഖ അന്വേഷണാത്മക പത്രപ്രവർത്തകൻ), മീര നായർ (ചലച്ചിത്ര താരം, മാധ്യമപ്രവർത്തക), മുഹമ്മദ് ഷിയാസ് (എം.എൽ.എ), അനീഷ് ജേക്കബ് (ബ്യൂറോ ചീഫ്, മാതൃഭൂമി), സേതു ലക്ഷ്മി (ന്യൂസ് ആൻകർ/ജേർണലിസ്റ്റ്, 24×7 ടിവി), ഷാജി നായർ (ചീഫ് എഡിറ്റർ, പ്രസാധകൻ മാസിക), അസിത സഹീർ (ബ്രോഡ് കാസ്റ്റ് ജേണലിസ്റ്റ്, മലയാളം 24 ന്യൂസ്) എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും.

വടക്കേ അമേരിക്കയിലെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രൊഫഷണലുകൾ, വ്യവസായികൾ, മാധ്യമപ്രവർത്തകർ, സാമൂഹിക നേതാക്കൾ എന്നിവർക്കുള്ള ഐ.എ.പി.സി. വാർഷിക പുരസ്കാരങ്ങൾ സമ്മേളനത്തിന്റെ ഭാഗമായി വിതരണം ചെയ്യും. ഒക്ടോബർ 17 ശനിയാഴ്ച വൈകുന്നേരം നടക്കുന്ന ഗ്രാൻഡ് ഗാല ചടങ്ങിലാണ് അവാർഡുകൾ സമ്മാനിക്കുക.

മാധ്യമരംഗത്ത് വിശ്വാസ്യതയും സത്യസന്ധതയും ഉത്തരവാദിത്തവും കൂടുതൽ അനിവാര്യമായ ഒരു കാലഘട്ടത്തിലാണ് ഈ സമ്മേളനം നടക്കുന്നതെന്ന് ഐ.എ.പി.സി. ബോർഡ് ഓഫ് ഡയറക്ടേഴ്സ് ചെയർമാൻ ഡോ. സതീഷ് കതുല പറഞ്ഞു. ധാർമ്മിക മാധ്യമപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കാനും ഭൂഖണ്ഡങ്ങൾക്കപ്പുറമുള്ള മാധ്യമപ്രവർത്തകരെ പരസ്പരം ബന്ധിപ്പിക്കാനും ഐ.എ.പി.സി. പ്രതിജ്ഞാബദ്ധ

(ശേഷം പേജ് 6)

ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് ജനറൽ കൺവെൻഷൻ

ബെംഗളൂരു: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കർണാടക സ്റ്റേറ്റ് ജനറൽ കൺവെൻഷൻ ഒക്ടോബർ 29 വ്യാഴം മുതൽ നവംബർ 01 ഞായർ വരെ ഹെന്നൂർ ബാഗലൂർ റോഡ് ഗധലഹള്ളി പ്രിതീ നിവാസ് ക്യാംപസ് ഓഡിറ്റോറിയത്തിൽ നടക്കും. വ്യാഴാഴ്ച വൈകിട്ട് സ്റ്റേറ്റ് ഓവർസീയർ റവ. ഇ.ജെ.ജോൺസൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. കൺവെൻഷനിൽ റവ.സി സി തോമസ് (സൗത്ത് ഏഷ്യൻ സൂപ്രണ്ട്), പാസ്റ്റർ പി.സി.ചെറിയാൻ (കേരളം), റവ.ഡോ. ഷിബു കെ. മാത്യൂ (കേരളം), പാസ്റ്റർ റോജി ഇ. സാമുവേൽ (കർണാടക), സിസ്റ്റർ സി സി ബാബു ജോൺ (ആലുവ) എന്നിവർ പ്രസംഗിക്കും.

ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കയർ ഗാന ശുശ്രൂഷ നിർവഹിക്കും. വ്യാഴം മുതൽ ശനി വരെ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ സുവിശേഷ പ്രസംഗം, ഗാനശുശ്രൂഷ ഉണ്ടായിരിക്കും.

കൺവെൻഷനിൽ 29 വ്യാഴം വൈകിട്ട് 4ന് ശുശ്രൂഷക സമ്മേളനം, 30ന് രാവിലെ 10 ന് ലേഡീസ് മീറ്റിംങ്, 31ന് രാവിലെ സൺഡേ സ്കൂൾ, വൈ.പി.ഇ സമ്മേളനം, സമാപനദിവസമായ ഞായർ രാവിലെ 9 ന് സംയുക്ത സഭായോഗത്തോടും തിരുവത്താഴശുശ്രൂഷയോടും കൂടെ കൺവെൻഷൻ സമാപിക്കും.

മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക.

9961720195

എച്ച്1 ബി വീസയിൽ കടുത്ത നിയന്ത്രണം: യുഎസ് വൈസ് പ്രസിഡന്റ് ജെഡി വാൻസ്



വാഷിങ്ടൺ: അമേരിക്കയിലെ എച്ച്1ബി വീസ പ്രോഗ്രാം പൂർണ്ണമായി തകരാറിലാണെന്നും ഇത് പൂർണ്ണമായി റദ്ദു ചെയ്യാൻ താൻ പൂർണ്ണമായി പിന്തുണയ്ക്കുമെന്നും തുറന്നടിച്ച് യുഎസ് വൈസ് പ്രസിഡന്റ് ജെഡി വാൻസ്. അമേരിക്കൻ ജീവനക്കാർക്ക് നൽകേണ്ട തുകയേക്കാൾ കുറഞ്ഞ ശമ്പളത്തിൽ വിദേശത്തുനിന്നുള്ള തൊഴിലാളികളെ എത്തിക്കാൻ കമ്പനികൾ ഈ വീസ ദുരുപയോഗം ചെയ്യുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

അമേരിക്കൻ പൗരന്മാരുടെ തൊഴിൽ അവസരങ്ങൾ തട്ടിയെടുക്കാൻ കമ്പനികളെ അനുവദിക്കില്ലെന്നും വാൻസ് വ്യക്തമാക്കി. കുറഞ്ഞ ചെലവിൽ വിദേശ ഉദ്യോഗസ്ഥരെ കൊണ്ടുവരുന്ന രീതി അവസാനിപ്പിച്ച് അമേരിക്കൻ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുകയാണ് ഭരണകൂടത്തിന്റെ പ്രധാനലക്ഷ്യമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

അതിനിടെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഭരണകൂടം എച്ച് 1ബി വീസ അപേക്ഷകൾക്കായി ഏർപ്പെടുത്തിയ ഒരു ലക്ഷം ഡോളർ അടിയന്തര ഫീസിന് ഫെഡ

(ശേഷം പേജ് 6)

അധികാരത്തിലെത്തിയാൽ മതപരിവർത്തന നിരോധിത നിയമങ്ങൾ പുനഃപരിശോധിക്കും: സച്ചിൻ പൈലറ്റ്



അമേരിക്ക: ഇന്ത്യയിലെ മതസ്വാതന്ത്ര്യം, ന്യൂനപക്ഷാവകാശങ്ങൾ, മതപരിവർത്തന വിരുദ്ധ നിയമങ്ങൾ, വിദേശ സംഭാവനകളെ നിയന്ത്രിക്കുന്ന എഫ്. സി. ആർ.എ നിയമം എന്നിവ സംബന്ധിച്ച് FIACONA അഡൈക്കസി ഡയറക്ടർ സ്റ്റാൻലി ജോർജ് കോൺഗ്രസ് നേതാവ് സച്ചിൻ പൈലറ്റുമായി അമേരിക്കയിൽ കൂടിക്കാഴ്ച നടത്തി.

ക്രൈസ്തവ സമൂഹങ്ങൾ നേരിടുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പീഡനം, അക്രമം, വിവേചനം തുടങ്ങിയ വിഷയങ്ങളും, ചില സംസ്ഥാനങ്ങളിലെ നിയമങ്ങളും നിയന്ത്രണങ്ങളും സഭകൾ, മിഷനറിമാർ, ക്രൈസ്തവ സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളും കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ടു.

പ്രധാന ചർച്ചാവിഷയങ്ങളിലൊന്ന് Anti-Conversion Laws ആ

(ശേഷം പേജ് 6)

കൊച്ചുപ്പാപ്പൻ

ബിജെപി കൗൺസിലർ സ്ഥാനം
ആർ. ശ്രീലേഖ രാജി വച്ചു
(പിൻവലിച്ചു)



മാധത്തിന് മടുത്തു
(മടുത്തില്ല)

ഉയിർപ്പിന്റെ ആദ്യ സാക്ഷ്യം നിർവഹിച്ചത് വനിത: റവ ഡോ. എബ്രഹാം മാർ പൗലോസ്

പി. പി. ചെറിയാൻ



ഫിലഡൽഫിയ: പുതിയ നിയമത്തിന്റെ കാതൽ സ്ത്രീകളുടെ മിഷണറി ചൈതന്യത്തിൽ അധിഷ്ഠിതമാണെന്നും, ചരിത്രത്തിലെ ആദ്യ മിഷണറി ഒരു വനിതയായിരുന്നുവെന്നും ഭദ്രാസനാധിപൻ റൈറ്റ് റവ ഡോ. എബ്രഹാം മാർ പൗലോസ് പറഞ്ഞു . മാർത്തോമ്മാ സുറിയാനി സേവികാ സംഘത്തിന്റെ ഒക്ടോബർ 1 മുതൽ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന 223മത് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു തിരുമേനി കർത്താവായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് പുലർച്ചെ സാക്ഷ്യം വഹിക്കാനും ശവകുടീരക്കരയിൽ ധൈര്യത്തോടെ കാത്തുനിൽക്കാനും ഒരു സ്ത്രീ മാത്രമാണ് തയ്യാറായത്. ശിഷ്യന്മാർ പോലും മടങ്ങിപ്പോയപ്പോൾ തനിച്ചായിരുന്ന ആ സ്ത്രീയാണ് ലോകത്തിന് പുനരുത്ഥാനത്തിന്റെ ആദ്യ സന്ദേശം നൽകിയതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ആദ്യ ഈസ്റ്റർ രാവിലത്തെ ആ കൂടിക്കാഴ്ചയിലൂടെയാണ് ക്രിസ്തീയ മിഷൻ ആരംഭിച്ചതെന്നും, അതിന്റെ പ്രഥമ വാഹക സ്ത്രീയായിരുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.കഴിഞ്ഞ നൂറ്റാണ്ടിലധികമായി മാർത്തോമ്മാ സുറിയാനി സേവികാ സംഘം ഈ സന്ദേശം ലോകമെമ്പാടും എത്തിക്കുന്നതിൽ മാ

(ശേഷം പേജ് 6)

ചെയർമാൻ
ജോൺ വർഗീസ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഷാജി കാരയ്ക്കൽ

ജനറൽ എഡിറ്റർ
സ്റ്റാൻലി ജോർജ്

എക്സിക്യൂട്ടീവ് എഡിറ്റർ
ദീപ്തി അന്ന അച്ചൻകുഞ്ഞ്

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
റവ. ചാക്കോ ജോർജ്ജ്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഷിബു മുള്ളംകാട്ടിൽ
വർഗീസ് മാത്യു
ചാർലീസ് മാത്യു
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ
പൊന്നമ്മ സാം


സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമൂട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു ന്യൂയോർക്ക്

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
ജിജി ബറോഡ
ജോൺ മത്തായി അതിരുങ്കൽ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
മഞ്ജു പീടിയേക്കൽ
ബെന്നി പാപ്പച്ചൻ ഒക്കലഹോമ
രാജൻ ഏബ്രഹാം
മോൻസി വളഞ്ഞവട്ടം ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com




www.maruppacha.com

മരുപ്പച്ച

വെബ്സൈറ്റിൽ

Email: maruppacha @gmail.com
Whatsapp: 9961720195, 9961103983

നമ്മൾ ദൈവത്തോട് നിരന്തരമായി കൂട്ടായ്മയിൽ ആയിരുന്നുകൊണ്ട് ദൈവികരായിട്ട് ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ കർത്താവ് നമ്മളെ എല്ലാവരെയും കരുണയോടുകൂടി കാണുന്നു. അതുകൊണ്ടാണ് നമ്മൾ ഒരു ചെറിയ ചുവട് ദൈവത്തിങ്കലേക്ക് വയ്ക്കുമ്പോൾ കർത്താവ് അത് വലിയ സന്തോഷത്തോടുകൂടി സ്വീകരിക്കുന്നു. നമ്മളിലൂടെ ഒത്തിരി ഫലം പുറപ്പെടുവിക്കുന്നു നമ്മുടെ ജീവിതം സമർപ്പിക്കുമ്പോൾ. അതുകൊണ്ടുതന്നെ നിങ്ങൾക്ക് ഇന്നത്തെ ഈ കൂട്ടായ്മയും എല്ലാം വലിയ അനുഗ്രഹപ്രദമായിട്ട് മാറട്ടെ എന്നു ഞാൻ ആശംസിക്കുകയാണ്.






ബിഷപ്പ് തോമസ് മാർ തറയിൽ

നമ്മൾ എല്ലാവരും ഒരേ തൂവൽ പക്ഷികളാണ്. ഒരേ പ്രശ്നങ്ങളുള്ളവരാണ്. ഒരേ സന്തോഷങ്ങളുമുള്ളവരാണ്. വൈദികരുടെ ഒരു വലിയ വെല്ലുവിളി ഒരേ സമയം സാധാരണ മനുഷ്യരായിരിക്കുമ്പോഴും ജനത്തിന്റെ മുമ്പിൽ ദൈവീകരാകുവാൻ അവരെ മുന്നിൽ നിന്ന് ദൈവത്തിങ്കലേക്ക് നയിക്കാൻ ആയിട്ട് പരിശ്രമിക്കുക എന്നുള്ളതാണ്. നമ്മൾ ഓർക്കും പട്ടം കിട്ടുമ്പോൾ നമുക്ക് നമ്മുടെ മാനുഷികമായ ബലഹീനതകൾ എല്ലാം ദൈവം മാറ്റിതരുമെന്ന്.പിന്നെയാ മനസ്സിലാകുന്നത് ഒന്നും മാറിപ്പോയിട്ടില്ല എല്ലാം അവിടെത്തന്നെയുണ്ട്. അതുവച്ചുകൊണ്ടു തന്നെ നമ്മൾ ദൈവീകരായിട്ട് ജീവിക്കണം. ഞാൻ മെത്രാനായപ്പോഴും ഓർത്തു മെത്രാൻമാർക്ക് ഈ പ്രശ്നങ്ങളൊന്നും കാണുകയില്ലയെന്ന്. വെറുതെയാണ് മെത്രാപ്പോലീത്തയായപ്പോഴും ഒരു വ്യത്യാസവുമില്ല. നമ്മൾ സാധാരണ മനുഷ്യർ തന്നെയാണ്. നമ്മൾ പക്ഷേ ദൈവത്തോട് നിരന്തരമായി കൂട്ടായ്മയിൽ ആയിരുന്നുകൊണ്ട് ദൈവികരായിട്ട് ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്. ഒരാശ്വാസം നമ്മുടെ ഈ ബുദ്ധിമുട്ട് ഏറ്റവും കൂടുതൽ അറിയാവുന്നത് കർത്താവിനു തന്നെയാണ്.

നമ്മുടെ കർത്താവ് നമ്മളെ എല്ലാവരെയും കരുണയോടുകൂടി കാണുന്നു.അതുകൊണ്ടാണ് നമ്മൾ ഒരു ചെറിയ ചുവട് ദൈവത്തിങ്കലേക്ക് വയ്ക്കുമ്പോൾ കർത്താവ് അത് വലിയ സന്തോഷത്തോടുകൂടി സ്വീകരിക്കുന്നു. നമ്മളിലൂടെ ഒത്തിരി ഫലം പുറപ്പെടുവിക്കുന്നു നമ്മുടെ ജീവിതം സമർപ്പിക്കുമ്പോൾ. അതുകൊണ്ടുതന്നെ നിങ്ങൾക്ക് ഇന്നത്തെ ഈ കൂട്ടായ്മയും എല്ലാം വലിയ അനുഗ്രഹപ്രദമായിട്ട് മാറട്ടെ എന്നു ഞാൻ ആശംസിക്കുകയാണ്.

നമ്മൾ ഈ ഇന്ത്യയിൽ ഒരു ചെറിയ സമൂഹമാണ് 2.3 ശതമാനമേ ഉള്ളൂ. ചിലരൊക്കെ പറയുന്നത് 5% ഉണ്ട് നിങ്ങൾ ശരിയായിട്ട് കണക്കു കൊടുക്കാഞ്ഞിട്ടാണ്.നിങ്ങൾ എല്ലാ ദിവസവും വളർന്നുകൊണ്ടിരിക്കുകയാണ് എന്നൊക്കെ പറയുന്നവരുണ്ട്. കേരളത്തിൽ ഏതായാലും നമ്മൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ് എന്ന് പറയുന്നവരുണ്ട്.നമ്മൾ ഇപ്പോഴും 17 ശതമാനമാണ്. ഇത്തവണത്തെ സെൻസസ് കഴിയുമ്പോഴേക്കും 15 ശതമാനമേ കാണുകയുള്ളൂ എന്ന് പറയുന്ന ആൾക്കാരും ഉണ്ട്. ഏതായാലും ഇന്ത്യയിൽ പൊതുവേ ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ അപ്പോഴും ഫലം പുറപ്പെടുവിക്കുന്ന കാര്യത്തിൽ നമ്മൾ വളരെയേറെ മുൻപിൽ ആണ്. അതിനൊരു കാരണം മാത്രമേയുള്ളൂ. ദൈവം കൂടെ നടക്കുന്ന ഒരു ജനതയാണ് നമ്മൾ. നമ്മൾ ഒത്തിരി പേർ ഒന്നും വേണ്ട ഫലം പുറപ്പെടുവിക്കാൻ. ഒരു ചെറിയ സമൂഹം ആണെങ്കിൽ പോലും തമ്പുരാനോട് ശകലം വിശ്വസ്തത പുലർത്തിയാൽ



എല്ലാവരും ഇത് അറിയണം

ക്രൈസ്തവ മതത്തിലേക്ക് മാത്രമല്ല ഇന്ത്യയിൽ മതപരിവർത്തനം നടക്കുന്നത്. ഹൈന്ദവ മതത്തിലേക്കും മതപരിവർത്തനം നടക്കുന്നുണ്ട്. എത്രയോ വിദേശികർ ക്രൈസ്തവ നാമധാരികളായ വിദേശീയർ ഇന്ത്യയിൽ വന്ന് പല ഹൈന്ദവ ആശ്രമങ്ങളിലും ഹൈന്ദവർ ആയിട്ടു മാറുന്നു. നമ്മൾ ആരെങ്കിലും അതിനെതിരെ എന്തെങ്കിലും പറയാൻ പോയോ.അതുപോലെ മറ്റെല്ലാ മതങ്ങളിലേക്കും പരിവർത്തനം നടക്കുന്നുണ്ട്. പക്ഷേ കേസുകൾ വരുന്നത് ആർക്കെതിരെയാണ്. ക്രൈസ്തവർക്കെതിരെ മാത്രം.

കർത്താവ് നമ്മളിലൂടെ അനേകം ഫലങ്ങൾ പുറപ്പെടുവിക്കുകയാണ്. അതുകൊണ്ടുതന്നെ ആയിരിക്കാം പലപ്പോഴും നമ്മൾ ഈ വലിയ രാജ്യത്തിൽ ടാർഗറ്റ് ചെയ്യപ്പെടുന്നത്.ഒരു ചെറിയ സമൂഹം ആയിട്ടും നമ്മളെ ലക്ഷ്യമാക്കി നിയമങ്ങൾ ഒക്കെ നിർമ്മിക്കാൻ തയ്യാറാക്കുന്നത്. സോഷ്യൽ മീഡിയ കണക്കു കൊടുക്കുന്നില്ല.ഇവർ കള്ളത്തരം കാണിക്കുകയാണ്. ഇവർ വിദേശത്തുനിന്നും കുറെ പണം കൊണ്ടുവന്നു അതിന്റെ കൂടെ ക്രിസ്ത്യാനികളും കൂടെ കൂടി മെത്രാന്മാർക്കൊക്കെ കാശ് കിട്ടുന്നുണ്ടല്ലോ എന്നിട്ട് ഞങ്ങൾക്കൊന്നും വീതിച്ചു തന്നില്ലല്ലോ. എന്നാണ് അവർ എഴുതിയത്. ഇതൊന്നും അറിഞ്ഞില്ലല്ലോ ഇത് നിയമമനുസരിച്ച് ജീവിക്കുന്ന ഒരു സമൂഹമാണെന്ന് ഏറ്റവും കൃത്യമായിട്ട് അറിയുന്നത് ഗവൺമെന്റ് തന്നെയാണ്. കാരണം അത്രകാർക്കശ്യത്തോട് കൂടിയുള്ള നിയമങ്ങളാണ്. നമ്മൾ നിയമങ്ങൾ പാലിക്കുന്നവരാണെന്നും കൃത്യമായി കണക്കുണ്ടെന്ന് ഒക്കെ അവർക്ക് അറിയാവുന്നതുകൊണ്ടാണ് അവർ 2010ലെ ഒരു നിയമത്തിന്റെ പഴുതു ഉപയോഗിച്ച് ഈ ഒരു നിയമം കൊണ്ടുവരുന്നത്.എന്താണത്?നിങ്ങൾ എന്തെങ്കിലും ക്രമക്കേടു കാണിച്ചു സർക്കാർ ഒരു നടപടിയെടുത്ത് നിങ്ങളുടെ എഫ് സി ആർ എ ക്യാൻസൽ ചെയ്തു. അത് നമുക്ക് മനസ്സിലാക്കാം. നമ്മൾക്ക് ഇത് അഞ്ചുവർഷത്തേക്ക് ആണ് തന്നത്.രണ്ടാമത് ഇത് പുതുക്കി നൽകാനായി ആവശ്യപ്പെട്ടു. ഗവൺമെന്റ് തരുന്നില്ല. അവർ ഒന്നും മിണ്ടുന്നില്ല. പുതുക്കി നൽകുന്നില്ല.അപ്പോൾ പറയുന്നത് എന്താണ് അങ്ങനെയാണെങ്കിൽ അതുവരെ എഫ് സി ആർ എ ഉപയോഗിച്ച് ഭാഗികമായിട്ടു ഉണ്ടാക്കിയ അസറ്റുകൾ പോലും ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. അത് നമ്മൾക്ക് മനസ്സിലാകും. അപ്പോൾ നമ്മൾ തന്നെ തീരുമാനിച്ചു, നമുക്ക് ഇനി എഫ് സി ആർ എ വേണ്ട. ഒരുപക്ഷേ കേരളത്തിലെ പല രൂപതകൾക്കും എഫ് സി ആർ എ ഇല്ലേലും ജീവിച്ചു പോവാം. കുഴപ്പമില്ല നമ്മളുടെ പ്രവർത്തനങ്ങളിൽ ഒക്കെ മുന്നോട്ടു പോകാം നമ്മൾക്ക് ഈ പറയുന്നതുപോലെ വിദേശഫണ്ട് കിട്ടിയിട്ട് ഒന്നുമല്ല നമ്മൾ ആരും പ്രവർത്തിക്കുന്നത്.നമ്മുടെ ജനം തരുന്ന ദശാംശം കൊണ്ടൊക്കെ തന്നെ ജീവിച്ച് വളരെ ഭംഗിയായിട്ട് പോകാൻ സാധിക്കുന്ന ഭദ്രാസനങ്ങളും രൂപതകളും കേരളത്തിൽ ഉണ്ട്. നമ്മൾ തീരുമാനിക്കുക ഇത് വേണ്ട എന്ന്. വേണ്ടെന്ന് വച്ചാൽ പോലും അതുവരെ നമ്മൾ ഉണ്ടാക്കിയ അസറ്റുകൾ അവർക്ക് പ്രത്യേകമായ ഒരു ഡെസിഗ്നേറ്റഡ് അതോറിറ്റിയുടെ കീഴിൽ ആക്കാം. അപ്പോഴാണ് സഭകൾ ഉണർന്നത്.കാരണം ഇത് ഒരുപക്ഷേ കേരളത്തിൽ വലുതായിട്ടൊന്നും ശല്യപ്പെടുത്തുന്നില്ലായിരിക്കാം. നോർത്തിന്ത്യയിലും മറ്റുള്ള സ്ഥലങ്ങളിലെ, സ്കൂളുകൾ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം പിടിച്ചെടുക്കാനും നമ്മളിൽ നിന്ന് അതിന്റെ നിയന്ത്രണം മാറ്റാനും ഒക്കെയുള്ള വളരെ ഗൂഡമായ നിയമപരമായ ഒരു പരിശ്രമം ആണ് ഇതിന്റെ പിന്നിലുള്ളത് എന്നുള്ള തിരിച്ചറിവ് ഉണ്ടായപ്പോഴാണ് നമ്മൾ എതിർത്തത്.

ഉടനെ ചോദ്യം! നിങ്ങൾ മാത്രം എന്തിനാണ് ഇതിനെ എതിർക്കുന്നത്? എല്ലാവർക്കും ഒരുപോലെ ബാധകമല്ലേ? നിങ്ങൾക്ക് കുറച്ചു എഫ് സി ആർ എ ഫണ്ടല്ലേ കിട്ടുന്നുള്ളൂ?കൂടുതൽ കിട്ടുന്നത് മറ്റ് വിഭാഗങ്ങൾക്ക് അല്ലെ? എന്നിട്ട് എന്തുകൊണ്ടാണ് നിങ്ങൾ മാത്രം ബഹളമുണ്ടാക്കുന്നത്?

ഉത്തരം: ഇത്തരത്തിലുള്ള നിയമങ്ങളൊന്നും വേറെ ആർക്കും എതിരെ ഇതുവരെയും അത് പ്രാവർത്തികമാക്കി കണ്ടിട്ടില്ല. നമ്മൾക്കെതിരെ മാത്രമേയുള്ളൂ. ക്രൈസ്തവ മതത്തിലേക്ക് മാത്രമല്ല ഇന്ത്യയിൽ മതപരിവർത്തനം നടക്കുന്നത്. ഹൈന്ദവ മതത്തിലേക്കും മതപരിവർത്തനം നടക്കുന്നുണ്ട്. എത്രയോ വിദേശികർ ക്രൈസ്തവ നാമധാരികളായ വിദേശീയർ ഇന്ത്യയിൽ വന്ന് പല ഹൈന്ദവ ആശ്രമങ്ങളിലും ഹൈന്ദവർ ആയിട്ടു മാറുന്നു. നമ്മൾ ആരെങ്കിലും അതിനെതിരെ എന്തെങ്കിലും പറയാൻ പോയോ.അതുപോലെ മറ്റെല്ലാ മതങ്ങളിലേക്കും പരിവർത്തനം നടക്കുന്നുണ്ട്. പക്ഷേ കേസുകൾ വരുന്നത് ആർക്കെതിരെയാണ്. ക്രൈസ്തവർക്കെതിരെ മാത്രം. അവിടെയാണ് നമുക്ക് സംശയം.നിങ്ങൾ നിയമങ്ങൾ ഉണ്ടാക്കുന്നത് ഈ ഒരു ചെറിയ സമൂഹത്തെ മാത്രം ലക്ഷ്യം വച്ചുകൊണ്ടാണ്. അതല്ലെങ്കിൽ മതപരിവർത്തന നിരോധന നിയമപ്രകാരം എല്ലാ മതക്കാരും ജയിലിൽ കിടക്കേണ്ടതല്ലെ. പക്ഷേ നമ്മുടെ പാസ്റ്റർമാരും നമ്മുടെ വൈദികരുംനമ്മുടെ കന്യാസ്ത്രീകളും ഒക്കെ മാത്രമേ അറസ്റ്റ് ചെയ്യപ്പെടുന്നുള്ളൂ. അവിടെയാണ് നമ്മൾ ജാഗ്രത പാലിക്കേണ്ടത്. നമ്മൾ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു സമൂഹമായിട്ട് മാറുന്നത്.

നമ്മൾക്കറിയാം ഈ ദിവസങ്ങളിലൊക്കെ നമ്മൾ കേട്ടുകൊണ്ടിരിക്കുന്ന വാർത്തകൾ അസ്വ

(ശേഷം പേജ് 4)

പ്രതികൾ പാസ്റ്ററും അച്ചനും കന്യാസ്ത്രീകളും

(3-ാം പേജ് തുടർച്ച)

സ്ഥത ഉണ്ടാക്കുന്നതാണ്. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ത ന്നെ പ്രതിക്കൂട്ടിൽ ആവുകയാണ്. വോട്ടേഴ്സ് ലിസ്റ്റിൽ തന്നെ വലി യ ഭീകരമായ കൃത്രിമങ്ങൾ. കോ ടിക്കണക്കിന് ആൾക്കാർക്ക് വോ ട്ടിംഗ് അവകാശം തന്നെ നിഷേധി ക്കപ്പെടുകയാണ്. നമ്മുടെ തെര ഞ്ഞെടുപ്പ് അപകടത്തിൽ ആ യാൽ ജനാധിപത്യം അപകട ത്തിൽ ആവുകയാണ്. ജനാധിപ ത്യം അപകടത്തിൽ ആകുമ്പോൾ നമ്മുടെ സ്വാതന്ത്ര്യമാണ് അപക ടത്തിലാകുന്നത്. നമ്മുടെ ജന ങ്ങൾ ഇതിനെക്കുറിച്ച് വേണ്ടത്ര അവബോധമുള്ളവരാണോയെ ന്ന് എനിക്കറിയില്ല. സ്വാതന്ത്ര്യം ജീവവായുപോലെ പ്രധാനപ്പെട്ട താണ്.സ്വാതന്ത്ര്യം നമ്മൾ അറി യാതെ നമ്മളിൽ നിന്ന് എടുത്തു മാറ്റപ്പെടുന്നു എന്നുള്ള ഒരു വലി യ തിരിച്ചറിവ് നമുക്കുണ്ടാവണം. ആശ്വാസകരമായ ഒരു കാര്യം ഇ ത് തിരിച്ചറിയുന്ന വലിയൊരു വി ഭാഗം വളർന്നുവരുന്നു എന്നുള്ള ത് തന്നെയാണ്. ഒരു വലിയ ജന വിഭാഗത്തെ 140 കോടിയുള്ള ഒരു രാജ്യത്തെ അങ്ങനെയങ്ങ് മണ്ട ന്മാരൊന്നും ആക്കാൻ ആയിട്ട് സാധിക്കുന്നില്ല. കുറെ അധികം മ നുഷ്യർ ഇതിനെതിരെ പ്രതികരി ക്കാൻ തയ്യാറാകുന്നു എന്നുള്ള തു ആശ്വാസകരമാണ്.

നമുക്കറിയാം ജനാധിപത്യം ഒരു ക്രൈസ്തവ സംസ്കാരത്തി ന്റെ ഫലമാണ്. നമ്മൾ ക്രിസ്ത്യാ നികൾ അല്ല ജനാധിപത്യം കണ്ടു പിടിച്ചത് എന്നൊക്കെ പറയുമ്പോ ഴും ക്രൈസ്തവവിശ്വാസത്തിന്റെ സ്വാഭാവികമായ ഒരു ഫലമായിരു ന്നു ജനാധിപത്യം. അത് ജനാധി പത്യത്തിന്റെ ചരിത്രം പഠിക്കുന്ന വർ എല്ലാവരും പറയും. ഓരോ മ നുഷ്യനെയും ദൈവത്തിന്റെ ഛാ യയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന ഒരു അടിസ്ഥാന ബോധ്യം മനു ഷ്യന്റെ മഹത്വത്തെക്കുറിച്ചും തു ല്യതയെക്കുറിച്ചും മനുഷ്യ മന സ്സാക്ഷിയെക്കുറിച്ചും മനുഷ്യന്റെ ധാർമിക ഉത്തരവാദിത്വങ്ങളെ കു റിച്ചുമൊക്കെയുള്ള ക്രൈസ്തവ പഠനങ്ങളായിരുന്നു ഈ ജനാധി പത്യ വ്യവസ്ഥയുടെ അടിസ്ഥാന മായി നിന്നത്. അതുകൊണ്ടാണ് ജാതിവ്യവസ്ഥയെ പിന്തുണയ് ക്കുന്ന ഒരു സംവിധാനത്തിനും ജ നാധിപത്യം ഇഷ്ടപ്പെടില്ല. കാര ണം എന്താണ്. അവിടെ എല്ലാ വർക്കും ഒരേ അവകാശങ്ങൾ അ ല്ല. ജാതിവ്യവസ്ഥയിൽ ഉയർന്ന ജാതിയും താഴ്ന്ന ജാതിയുമായിട്ട് മനുഷ്യനെ തരംതിരിക്കുമ്പോൾ ഉയർന്ന ജാതിയുടെ അവകാശ ങ്ങൾ താഴ്ന്ന ജാതിക്കില്ല. ഒരു നൂ റു വർഷം മുമ്പത്തെ കേരളത്തി ന്റെ ചരിത്രം പഠിച്ചാൽ നമുക്കത് മ നസ്സിലാവും. നമ്മുടെ സി.എസ്. ഐ ചർച്ചിന്റെ പ്രാരംഭകരായിരു ന്ന മിഷനറിമാർ എത്ര കൃത്യമായി ട്ടാണ് ഇത്തരത്തിലുള്ള ഉച്ചനീച ത്വങ്ങൾക്കെതിരെ പോരാടിയതെ ന്ന്. അടിമ വ്യവസ്ഥിതി നമ്മുടെ കേരളത്തിലും നിലനിന്നിരുന്നു. ന മ്മുടെ ചന്തകളിൽ മനുഷ്യർ വിൽ ക്കപ്പെടുന്ന സാഹചര്യങ്ങൾ ഉ ണ്ടായപ്പോൾ അതിനെതിരെ മിഷ നറിമാരാണ് ഏറ്റവും കൂടുതൽ മു ന്നിൽ നിന്നെന്നൊക്കെയുള്ള ഒരു ചരിത്രം നമ്മളെ പഠിപ്പിക്കുന്ന യാ ഥാർത്ഥ്യമിതാണ്. ജനാധിപത്യം ക്രൈസ്തവമായ ആശയങ്ങളുടെ യും ക്രൈസ്തവമായ മൂല്യങ്ങളു ടെയും ഒരു സ്വാഭാവികമായ ഫല മാണെങ്കിൽ അത് നഷ്ടപ്പെടു മ്പോൾ നമ്മൾ ഓരോരുത്തരും ജാ

**ക്രിസ്ത്യാനിറ്റിയുടെ തളർച്ച പഠിക്കുമ്പോൾ നമുക്ക് കാണാൻ പറ്റും നമ്മുടെ ഇടയിൽ വ ളർന്നുവന്ന ലിബറലിസവും അതുപോലെ അ നാർക്കിസവും ഒക്കെയാണ് സഭയുടെ തളർ ച്ചയിലേക്ക് വന്നത്. ലിബറലിസം എന്ന് പറ ഞ്ഞു കഴിഞ്ഞാൽ എങ്ങനെയുമാകാം.കാര്യ ങ്ങൾ വലിയ നിഷ്ഠയൊന്നുംവേണ്ട ഒന്നിലും. ഓ അതു സാരമില്ല ഇത് സാരമില്ല. അതു സാ രമില്ല ഇതു സാരമില്ലഎന്ന് പറയുമ്പോൾ അ ങ്ങനെ പ്രവർത്തിക്കേണ്ട കാര്യമില്ല ഇങ്ങനെ പ്രവർത്തിക്കേണ്ട എന്ന് പറയുമ്പോൾ തീരുമാനം എടുക്കുന്നത് ആരാണ്. ഞാനാണ്,എന്റെ ഇഷ്ട മാണ്.അത്ശരിക്കും പറഞ്ഞാൽ ഒ രു ഇൻഡിവിജ്വലിസമാണ്.അതൊര ു സ്വാർത്ഥതയാണ്. അത് നമ്മ ളെ പിടികൂടുമ്പോഴാണ് നമ്മൾ ത ളർന്നു പോകുന്നത്. എന്നുള്ളതും നമ്മൾ തിരിച്ചറിയേണ്ട ഒരു കാര്യ മുണ്ട്. നമ്മൾ ഇന്ന് ചിന്തിക്കുന്നതു തന്നെ വളരെ പ്രസക്തമായ ഒരു വിഷയമാണ്. 'Crisis of secularism and Christian witness rethinking ministry in contemporary Keralam' വളരെ നല്ലൊരു വിഷയമാണ് അത് ചിന്തിക്കുമ്പോഴെല്ലാം നിങ്ങൾ ഓർക്കുക. പുറമേ നിന്നുള്ള ഏ തൊരു ഭീഷണിയും നേരിടാൻ ന മുക്ക് സാധിക്കും. അകമേ നമ്മൾ ദുർബലപ്പെട്ടു പോയാൽ വിശ്വാസ ത്തിൽ നമ്മൾ തളർന്നു പോയാൽ നമ്മൾ ലിബറലിസത്തിന്റെ പിന്നാ ലെ പോയാൽ നമ്മൾ ഭയപ്പെട്ടു പോയാൽ അവിടെയൊക്കെയാണ് നമ്മൾ നിരായുധരാകുന്നത് എന്നു ള്ള ഒരു തിരിച്ചറിവ് നമുക്ക് ഉണ്ടാ കേണ്ടതാണ്. പഴയ കാര്യങ്ങളെ ക്കുറിച്ച് നിങ്ങൾ വിഷമിക്കേണ്ട ദൈവത്തിന്റെ കരുണയ്ക്കു വിട്ടു കൊടുക്കുക. ഇന്നത്തെ കാര്യങ്ങ ളെക്കുറിച്ച് നിങ്ങൾ വിഷമിക്കേ ണ്ട.അത് ദൈവത്തിന്റെ സ്നേഹ ത്തിന് വിട്ടുകൊടുക്കുക. ഭാവിയെ ദൈവത്തിന്റെ പരിപാലനയ്ക്ക് വി ട്ടുകൊടുക്കുക.

(കോട്ടയത്ത് സി. എസ്. ഐ. വൈദിക സമ്മേളനത്തിൽ നട ത്തിയ പ്രസംഗം)



റായാൽ ആർക്കും നമുക്കെതിരെ ഒന്നും നിൽക്കാൻ സാധിക്കുകയി ല്ല. അത് തന്നെയാണ് ലോകത്തി ന്റെ ചരിത്രം നമ്മളെ പഠിപ്പിക്കുന്ന ത്. എവിടെയെങ്കിലും സഭ തളർ ന്നുപോയിട്ടുണ്ടെങ്കിൽ അവിടെ സഭയുടെ മുമ്പിൽ നിൽക്കുന്ന മ നുഷ്യർക്ക് ധൈര്യമില്ലാതായി എ ന്നുള്ളതാണ് അടിസ്ഥാനം. അത് എല്ലായിടത്തും നമുക്ക് കാണാൻ പറ്റും.ഇടയന്മാർ ഭയന്ന് പോയാൽ ആടുകളെയും കൊണ്ട് ചെന്നായ് ക്കൾ പോകും . അതുകൊണ്ട് ധൈര്യമുള്ള മനുഷ്യരായിട്ട് മാറു ക. ധീരതയോടെ സുവിശേഷം പ്ര ഘോഷിക്കാൻ തയ്യാറാവുക. അത് വലിയൊരു സാക്ഷ്യം ആയിട്ട് തന്നെ മാറുകയാണ്. നമ്മൾ ഭയ പ്പെടുന്നത് എന്നാണോ അന്നായി രിക്കും നമ്മുടെ പരാജയം. അല്ലാ തെ നമ്മൾ ആളു കുറഞ്ഞതിൽ നിന്നും നമ്മൾ പരാജയപ്പെടുകയി ല്ല. ആളു കുറഞ്ഞതുകൊണ്ടോ പ ണമില്ലാത്തതുകൊണ്ടോ കഴിവി ല്ലാത്തതുകൊണ്ടോ നമ്മൾ തളരു കയില്ല.പക്ഷേ നമുക്ക് ധൈര്യം ന ഷ്ടപ്പെട്ട് പോയാൽ ചിലപ്പോൾ ന മ്മൾ തളർന്നുപോകും. അതുകൊ ണ്ട് നമ്മുടെ ജനത്തെ കൂടുതൽ ധൈര്യമുള്ളവരാക്കുക. വിശ്വാസ ത്തിൽ ഉറപ്പിക്കുക.അതാണ് ഏറ്റ വും പ്രധാനം. നമുക്ക് നമ്മുടെ വി ശ്വാസത്തെ കുറിച്ച് നല്ല ബോധ്യ ങ്ങൾ ഇല്ല. മതിപ്പില്ല.

റോബർട്ട് സാറായുടെ 'പ കൽ അസ്തമിക്കാറായി' എന്ന പുസ്തകത്തിൽ അതിൽ ഒരു പ ത്രപ്രവർത്തകൻ അദ്ദേഹത്തോട് ചോദിക്കുകയാണ് what is the crisis of priesthood today? ഉടനെ അദ്ദേഹം പറഞ്ഞു; ''the crisis of priesthood today is crisis of faith'. 'വിശ്വാസമില്ലാതാകുന്നു വൈദികർക്ക്. അതാണ് ഏറ്റവും വലിയ ക്രൈസിസ്'. വേറെ കുഴപ്പമൊന്നുമില്ല. വൈദികർ നല്ല വിശ്വാസ ത്തിൽ ആഴപ്പെട്ടു നിന്നാൽ ബാക്കി എല്ലാ പ്രശ്നങ്ങളും അവർക്ക് നേരിടാൻ ആയിട്ട് സാധിക്കും. വിശ്വാസത്തിൽ നമ്മൾ തളർന്നു പോയാൽ ധൈര്യമില്ലാതെ ആയി കഴിഞ്ഞാൽ ധീരതയോടെ മതിപ്പോടെ വിശ്വാസം പ്രഘോഷിക്കുവാൻ സാധിക്കാതെ വന്നു കഴിഞ്ഞാൽ അതാണ് നമ്മുടെ ഏറ്റവും വലിയ തളർച്ച എന്ന് അദ്ദേഹം പറഞ്ഞത് ഞാൻ ഓർക്കുകയാണ്. അതോടൊപ്പം നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം നമുക്ക് പറ്റാവുന്ന ഒരു വലിയ അപകടം നമ്മുടെ ഇടയിൽ വളർന്നുവരുന്ന ലിബറലിസം ആണ്. ക്രിസ്ത്യാനിറ്റിയുടെ തളർച്ച പഠിക്കുമ്പോൾ നമുക്ക് കാണാൻ പറ്റും നമ്മുടെ ഇടയിൽ വളർന്നുവന്ന ലിബറലിസവും അതുപോലെ അനാർക്കിസവും ഒക്കെയാണ് സഭയുടെ തളർച്ചയിലേക്ക് വന്നത്. ലിബറലിസം എന്ന് പറഞ്ഞു കഴിഞ്ഞാൽ എങ്ങനെയുമാകാം.കാര്യങ്ങൾ വലിയ നിഷ്ഠയൊന്നുംവേണ്ട ഒന്നിലും. ഓ അതു സാരമില്ല ഇത് സാരമില്ല. അതു സാരമില്ല ഇതു സാരമില്ലഎന്ന് പറയുമ്പോൾ അങ്ങനെ പ്രവർത്തിക്കേണ്ട കാര്യമില്ല ഇങ്ങനെ പ്രവർത്തിക്കേണ്ട എന്ന് പറയു

THENILUM MADHURAM
#thenilum madhuram
ക്രിസ്തീയ യൂട്യൂബ് ചാനൽ (മാത്യൂസ് തിരുവല്ല)
ക്രിസ്തീയ/മലയാളം പ്രോഗ്രാമുകൾ
കേൾക്കാനും കാണാനും
അനുഗ്രഹം പ്രാപിക്കാനും
ഞങ്ങളുടെ ഈ യൂട്യൂബ് ലിങ്ക് സന്ദർശിക്കുക
ഫോളോ ചെയ്യുക മറ്റുള്ളവരിലും എത്തിക്കുക...

www.youtube.com/@mathewsthiruvalla | 9447795990

സൗത്ത് ഇന്ത്യാ എജി ക്ക് പുതിയ നേതൃത്വം



റവ. സ്റ്റീവ് രാജ് | റവ. രവി മണി | റവ.കെ. ജെ. മാത്യൂ | റവ. തിമോത്തി റാവു | റവ. വിവേക് ഡിൻഡോർക്കർ | റവ. ഡി. ജസ്റ്റിൻ ജോൺ

ചെന്നൈ: സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് (എസ് ഐഎജി) ജനറൽ സൂപ്രണ്ടായി പാസ്റ്റർ ജെ. സ്റ്റീവ് ജയരാജും സെക്രട്ടറിയായി പാസ്റ്റർ. ഡോ. കെ. ജെ. മാത്യൂവും തിരഞ്ഞെടുക്കപ്പെട്ടു. സെപ്റ്റംബർ 15-17വരെ ചെന്നൈയിൽ നടന്ന 40-ാമതു ദ്വിവത്സര കോൺഫ്രൻസിലായിരുന്നു തിരഞ്ഞെടുപ്പ്. മലയാളിയായ പാസ്റ്റർ ഡോ. രവി മണിയാണ് അസിസ്റ്റന്റ് ജനറൽ സൂപ്രണ്ട്. പാസ്റ്റർ എം. തിമോത്തി റാവു ജനറൽ ട്രഷററായും പാസ്റ്റർ ഡോ. വിവേക് ഡിൻഡോർക്കറെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗമായും തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ ഡോ. ഡി. ജസ്റ്റിൻ ജോൺ അസംബ്ലീസ് ഓഫ് ഗോഡ് ഇൻ ഇന്ത്യയിലേക്കുള്ള പ്രതിനിധിയാണ്. ജനറൽ സൂപ്രണ്ട് ജെ. സ്റ്റീവ് ജയരാജ് തമിഴ് ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ടും ദീർഘകാലം എസ്ഐഎജി സൂപ്രണ്ടായിരുന്ന പരേതനായ പാ. ഡോ. വൈ. ജയരാജിന്റെ മകനുമാണ്. തെങ്കാശി മേഖലയിലെ കണക്കപ്പിള്ളൈവളയ്സെ കേന്ദ്രീകരിച്ചുള്ള പാസ്റ്ററൽ ശുശ്രൂഷയ്ക്കൊപ്പം ട്രിനിറ്റി ബൈബിൾ കോളേജ് ഫോർ വിമൻ പ്രിൻസിപ്പലായും സേവനമനുഷ്ഠിക്കുന്നു. അസി. സൂപ്രണ്ട് പാസ്റ്റർ ഡോ. രവി മണി കന്നഡ ഭാഷാസമൂഹങ്ങൾക്കിടയിലെ സുവിശേഷപ്രവർത്തനത്തിലൂടെയാണു ശുശ്രൂഷാരംഗത്തു സജീവമായത്.

ഇന്ത്യയിലും വിദേശരാജ്യങ്ങളിലും പ്രസംഗശുശ്രൂഷ ചെയ്യുന്ന ഇദ്ദേഹം വികൂറി ഇന്റർനാഷണൽ എ.ജി. വർഷിപ്പ് സെന്ററിനു നേതൃത്വം നൽകുന്നു. പ്രഭാഷകൻ, വാഗ്മി, വേദാധ്യാപകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ജനറൽ സെക്രട്ടറി ഡോ. കെ.ജെ. മാത്യു ബെഥേൽ ബൈബിൾ കോളേജ് മുൻ പ്രിൻസിപ്പലാണ്. 2017 മുതൽ എസ്ഐഎജി ജനറൽ സെക്രട്ടറിയാണ്.

ട്രഷറർ എം. തിമോത്തി റാവു തെലുങ്ക് ഭാഷാ മേഖലകളിലെ സഭാ പ്രവർത്തനങ്ങളിൽ സജീവമായ ശുശ്രൂഷകനാണ്. ആന്ധ്രാപ്രദേശിലെ ഷെക്കിനാ എ.ജി. ചർച്ചിന്റെ സീനിയർ പാസ്റ്ററും തെലുങ്ക് ജില്ലകളുടെ സൂപ്രണ്ടുമാണ്. അധ്യാപനം, മാധ്യമ ശുശ്രൂഷ തുടങ്ങിയ മേഖലകളിലും സജീവമാണ്. കമ്മറ്റിയംഗം ഡോ. വിവേക് ഡിൻഡോർക്കർ ഏജി മഹാരാഷ്ട്ര ഡിസ്ട്രിക്ട് കൗൺസിലിൽ വിവിധ ചുമതലകൾ വഹിച്ചിട്ടുണ്ട്. ശുശ്രൂഷകരുടെ നേതൃത്വവികസന പരിശീലനത്തിനുള്ള ഗ്ലോബൽ ലീഡർഷിപ്പ് ട്രെയിനിങ് സെന്ററിനു സാരഥ്യം വഹിച്ചിട്ടുണ്ട്.

അഖിലേന്ത്യാ പ്രതിനിധി ഡോ. ഡി. ജസ്റ്റിൻ ജോൺ ബെംഗളൂരു മത്തിക്കരെ ട്രിനിറ്റി എ.ജി. ചർച്ചിന്റെ സ്ഥാപകനും സീനിയർ പാസ്റ്ററുമാണ്. സെൻട്രൽ ഡിസ്ട്രിക്റ്റ് അസിസ്റ്റന്റ് സൂപ്രണ്ടന്റുമാണ്. എസ്ഐഎജിയുടെ പ്രവർത്തനം ദേശീയ അസംബ്ലീസ് ഓഫ് ഗോഡുമായി ഏകോപിപ്പിക്കുന്നതിൽ അദ്ദേഹം മുഖ്യപങ്കുവഹിക്കും. ചെന്നൈ പല്ലാവരം ന്യൂ ലൈഫ് സെലിബ്രേഷൻ സെന്ററിൽ നടന്ന ജനറൽ കോൺഫറൻസിൽ പാസ്റ്റർമാരായ റവ.ഡി. മോഹൻ, റവ.ടി.ജെ. ശാമുവേൽ, റവ.റോബർട്ട് ജയരാജ്, റവ. ഏബ്രഹാം തോമസ് എന്നിവർ പ്രസംഗിച്ചു. റവ.ഡി. മോഹൻ തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾക്കായി അനുഗ്രഹ പ്രാർഥനയും റവ. ഏബ്രഹാം തോമസ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വവും നൽകി. സമ്മേളനത്തിൽ എട്ടു ഡിസ്ട്രിക്കുകളിൽനിന്നായി രണ്ടായിരത്തോളം പ്രതിനിധികൾ പങ്കെടുത്തു. പുതിയ കൗൺസിൽ യുവജന ശുശ്രൂഷ, മിഷൻ പ്രവർത്തനം, സഭാവളർച്ച, നേതൃത്വ പരിശീലനം, സാമൂഹിക ഇടപെടൽ എന്നിവയിൽ കൂടുതൽ ശ്രദ്ധയുന്നുമെന്നാണു പ്രതീക്ഷിക്കുന്നത്.

AGIFNA സൗത്ത് സെൻട്രൽ റീജിയൻ സമ്മേളനം ഒക്ടോബർ 24ന്



ഒക്കലഹോമ: AGIFNA സൗത്ത് സെൻട്രൽ റീജിയൻ ഏകദിന സമ്മേളനം 2026 ഒക്ടോബർ 24 ശനിയാഴ്ച ഒക്കലഹോമയിലുള്ള ന്യൂ ലൈഫ് പെന്തെക്കോസ്ത് അസംബ്ലി(2851 സൗത്ത് കൗണ്ടി ലൈൻ റോഡ്) വച്ച് നടക്കും. വൈകിട്ട് 3 മണിക്ക് ആരംഭിക്കുന്ന മീറ്റിംഗിൽ റവ. കുഞ്ഞാണ്ടി വൈദ്യൻ, റവ. സജു മാത്യു റവ. ബിബിൻ ചെറിയാൻ സിസ്റ്റർ ലിസി ജോൺസൺ എന്നിവർ ദൈവ വചനം സംസാരിക്കും. പാസ്റ്റർ ബിനു ജോൺ (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ ഓ ജോൺസൻ (പ്രസിഡന്റ്), സിസ്റ്റർ മേരി തോമസ് (കോർഡിനേറ്റർ) എന്നിവർ മീറ്റിംഗിന് നേതൃത്വം കൊടുക്കും. ടെക്സാസ്, ഒക്കലഹോമ, അരിസോണ, ന്യൂ മെക്സിക്കോ എന്നീ സ്റ്റാറുകൾ ചേർന്നതാണ് സൗത്ത് സെൻട്രൽ റീജിയൻ.

ഐപിസി യുഎഇ റീജിയൻ ഭാരവാഹികൾ

ഷാർജ : ഐപിസി യുടെ വലിയ റീജിയനുകളിൽ ഒന്നായ ഐപിസി യുഎഇ റീജിയന് അടുത്ത ടേമിലേക്ക് ഉള്ള ഭാരവാഹികളെ 21 സെപ്റ്റംബർ 21 തിങ്കളാഴ്ച വൈകിട്ട് ഷാർജ വർഷിപ്പ് സെന്ററിൽ വച്ച് നടന്ന റീജിയൻ ജനറൽ ബോഡിയിൽ തെരഞ്ഞെടുത്തു. റവ. ഡോ. വിൽസൺ ജോസഫ് (പ്രസിഡന്റ്) പാസ്റ്റർ പി.എം.സാമുവേൽ (വൈസ് പ്രസിഡന്റ്) പാസ്റ്റർ ഷൈനോജ് നൈനാൻ (സെക്രട്ടറി) റവ. ഡോ. സൈമൺ ചാക്കോ (ജോയിന്റ് സെക്രട്ടറി പാസ്റ്റർ വിഭാഗം) ടോജോ തോമസ് (ജോയിന്റ് സെക്രട്ടറി വിശ്വാസി വിഭാഗം) മാത്യു ജോൺ (ട്രഷറർ) ജിൻസ് ജോയ് (ജോയിന്റ് ട്രഷറർ) റവ. ഡോ. വിൽസൺ ജോസഫ് (സ്ഥിരാംഗം) പാസ്റ്റർ ഡിലു ജോൺ, കെ. പി. ബാബു എന്നിവരെ ജനറൽ കൗൺസിൽ അംഗങ്ങളായും ജേക്കബ് ജോൺസൻ, ജോസി. മാത്യു എന്നിവരെ ഓഡിറ്റർസ് ആയും തിരഞ്ഞെടുത്തു. വിനോദ് ഏബ്രഹാം വരണാധികാരിയായി പ്രവർത്തിച്ചു.





"ഇവന് എന്ത് ഭവിക്കും..?"



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

തുലാമഴ പെയ്യുന്ന കാലമായി. പകൽ നല്ല ചൂടും വൈകുന്നേരങ്ങളിൽ ശക്തമായ ഇടിമിന്നലോടുകൂടിയ മഴയും ഈ സീസണിലെ പ്രത്യേകതയാണ്. വിദ്യാലയങ്ങളിലേക്കും ജോലിക്കായുമെല്ലാം വീട്ടിൽനിന്ന് രാവിലെ പോയ പ്രിയപ്പെട്ടവർ തിരികെയെത്താൻ വൈകിയാൽ വീട്ടിലിരിക്കുന്നവർ ഉൽക്കണ്ഠപ്പെടുന്നത് സ്വാഭാവികമാണ്. ഒന്നിനും ഉറപ്പില്ലാത്ത ഈ ലോകത്തിൽ ആധിയും ആശങ്കകളും ഓരോരുത്തരുടെയും ജന്മസിദ്ധമായ പ്രത്യേക പ്രകൃതങ്ങൾക്കനുസരിച്ച് കൂടിയും കുറഞ്ഞുമിരിക്കും.

ഭാവി എന്ന വാക്കും ഭവിക്കുക എന്ന വാക്കും തമ്മിൽ ബന്ധമുണ്ട്. മുന്നോട്ടുള്ള നാളുകളിൽ എന്തൊക്കെയാണ് നേരിടേണ്ടിവരിക എന്ന് നിശ്ചയമില്ലാത്ത മനുഷ്യരായ നാം പലപ്പോഴും അസ്വസ്ഥരാവുന്നവരാണ്. അവനവന് എന്ത് ഭവിക്കും എന്ന് മാത്രമല്ല, നാം സ്നേഹിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവരുടെ ഭാവിയെ സംബന്ധിച്ചും നമുക്ക് ജിജ്ഞാസയും ആശങ്കയും ഉണ്ടാകാം.

ബൈബിളിൽ മോശ എന്ന കഥാപാത്രം വളരെ പ്രസിദ്ധമാണ്. മിസ്രയീമിൽ അടിമകളായിത്തീർന്ന യിസ്രായേൽമക്കളുടെ ആൺകുഞ്ഞുങ്ങളെ നദിയിലെറിഞ്ഞ് കൊല്ലുവാൻ ഫറവോ രാജാവ് കല്പനയിട്ടു. അങ്ങനെ അനേകം ശിശുക്കൾ നദിയിലെ മുതലകൾക്കും മത്സ്യങ്ങൾക്കും ആഹാരമായിക്കൊണ്ടിരിക്കുന്ന കാലത്താണ് മോശ പിറന്നത്. പക്ഷേ, അവനെ നദിയിലെറിഞ്ഞ് കൊല്ലാനായി വിട്ടുകൊടുക്കാതെ മാതാപിതാക്കൾ മൂന്ന് മാസം ഒളിപ്പിച്ചു വളർത്തി; ഇനിയും ഒളിപ്പിച്ചുവെക്കാനാവില്ലെന്ന് മനസ്സിലാക്കി ഒടുവിൽ ഒരു ഞാങ്ങണപ്പെട്ടകത്തിനുള്ളിൽ കിടത്തി, പെട്ടകം നൈൽ നദിയുടെ തീരത്ത് കൊണ്ടുപോയി വച്ചു. മാതാപിതാക്കൾ മടങ്ങിയെങ്കിലും കുഞ്ഞുചേച്ചിയായ മിര്യാം മടങ്ങിയില്ല! പെട്ടകത്തിനുള്ളിൽ നിന്ന് തന്റെ കുഞ്ഞാങ്ങളയുടെ കരച്ചിലിന്റെ ശബ്ദം അവളുടെ കുഞ്ഞുമനസ്സിൽ വലിയ സങ്കടം ഉണ്ടാക്കിക്കാണും. മോശക്കുഞ്ഞിനോടുള്ള അവളുടെ വാത്സല്യവും സ്നേഹവും നിമിത്തം അവന് എന്ത് സംഭവിക്കുമെന്നറിയുവോളം അവൾ കാവൽക്കാരിയായി നിലകൊണ്ടു. "അവന് എന്ത് ഭവിക്കുമെന്ന് അറിവാൻ അവന്റെ പെങ്ങൾ ദൂരത്തുനിന്നു" (പുറപ്പാട് 2:4). ഇംഗ്ലീഷിലുള്ള അക്ഷരീക ഭാഷാന്തരങ്ങളിൽ "അവനെ എന്ത് ചെയ്യുമെന്ന് കാണുവാൻ" എന്ന അർത്ഥമാണുള്ളത്. ഫറവോന്റെ പുത്രിയും തോഴിമാരും അംഗരക്ഷകരുമടങ്ങുന്ന ഒരു സംഘം അവിടേക്ക് വരുന്നത് അവൾ കാണുന്നുണ്ട്. അവർ അവനെ എടുത്ത് നദിയിലേക്ക് എറിയുമോ എന്ന് ആശങ്കയോടെ അവൾ നോക്കുകയാണ്.



കൊടുങ്കാറ്റും പേമാരിയും മണ്ണിടിച്ചിലും അത്യുഷ്ണവും കാട്ടുതീയും വാഹനാപകടങ്ങളും ഭൂകമ്പങ്ങളും ഭീകരാക്രമണങ്ങളും യുദ്ധങ്ങളുമെല്ലാം ഓർക്കാപ്പുറത്ത് സംഭവിക്കുന്ന ലോകമാണിത്. നമുക്കും നമ്മുടെ പ്രിയപ്പെട്ടവർക്കും എന്ത് ഭവിക്കും എന്ന് ആർക്കും നിശ്ചയമില്ല. "എന്ത് ഭവിക്കും?" എന്ന ചിന്ത അനേകരുടെ മനസ്സിനെ അലട്ടുന്നുണ്ട്. മനുഷ്യരുടെ ഊഹങ്ങളും കണക്കുകൂട്ടലുകളുമെല്ലാം 'ഒരു പക്ഷേ' എന്നോ 'സാധ്യതയുണ്ട്' എന്നോ ഒക്കെയായിരിക്കുമ്പോൾ ക്രിസ്തുവിന്റെ വചനങ്ങളിൽ ഊഹങ്ങളുടെ 'ഒരുപക്ഷേ'കൾ ഇല്ല! "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു" എന്ന ഉറപ്പുള്ള ഭാഷയാണ് ക്രിസ്തുവിന്റേത്. "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. ലോകത്തിലെ മറ്റൊരു മഹാന്റെ ഗ്രന്ഥത്തിലും ഇതേപോലെ ആധികാരികമായ പ്രഖ്യാപനങ്ങളില്ല!

"അത്തി മുതലായ സകലവൃക്ഷങ്ങളും തളിർക്കുന്നത് നിങ്ങൾ കാണുമ്പോൾ വേനൽ അടുത്തുവെന്ന് സ്വതവെ അറിയുന്നതുപോലെ, ഇത് സംഭവിക്കുന്നത് കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നു എന്ന് ഗ്രഹിപ്പിൻ. സകലവും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല" എന്ന് പറയുന്നു.

ലോകാവസാനത്തെക്കുറിച്ച് ക്രിസ്തു അരുളിച്ചെയ്ത അടയാളങ്ങളായ യുദ്ധങ്ങളും ക്ഷാമങ്ങളും ഭൂകമ്പങ്ങളും പകർച്ചവ്യാധികളും അധർമ്മം പെരുകുന്നതും കള്ളക്രിസ്തുക്കളുടെയും കള്ളപ്രവാചകന്മാരുടെയും രംഗപ്രവേശനവും ക്രിസ്ത്യാനികൾക്കുനേരെയുള്ള പീഡനങ്ങളും ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കപ്പെടുന്നതുമെല്ലാം കൃത്യമായി സംഭവിച്ചുകൊണ്ടിരിക്കുന്നു. അക്കൂട്ടത്തിൽ "ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിന് എന്ത് ഭവിക്കാൻ പോകുന്നുവെന്ന് പേടിച്ചും നോക്കിപ്പാർത്തും കൊണ്ട് മനുഷ്യർ നിർജ്ജീവന്മാർ ആകും" (ലൂക്കോ. 21:26) എന്ന് പറഞ്ഞിരിക്കുന്നു.

നമുക്ക് എന്ത് ഭവിക്കും എന്നതും ഈ ലോകത്തിന് എന്ത് ഭവിക്കും എന്നതും മുഖ്യമായ ചോദ്യങ്ങളാണ്. എന്നാൽ സങ്കീർത്തനം 31-ൽ ദാവീദ് പറയുന്നു: "എന്റെ കാലഗതികൾ നിന്റെ കയ്യിൽ ഇരിക്കുന്നു" (വാക്യം. 15).

പുനരുത്ഥാനം ചെയ്ത ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷമായ ഒരു സന്ദർഭം യോഹന്നാൻ 21-ാം അദ്ധ്യായത്തിൽ കാണാം. പത്രോസും കൂടെയുള്ള ചിലരും മീൻപിടിക്കാനായി പോയി രാത്രി മുഴുവൻ വലവീശിയെങ്കിലും യാതൊന്നും കിട്ടിയില്ല. പുലർച്ചയായപ്പോൾ യേശു കടൽക്കരയിൽ നിന്നുകൊണ്ട് "കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ?" എന്ന് ചോദിച്ചു. ഇല്ല എന്നവർ പറഞ്ഞപ്പോൾ പടകിന്റെ വലതുഭാഗത്ത് വീശുവാൻ യേശു അവരോട് കല്പിച്ചു. വലിയ നൂറ്റമ്പത്തിമൂന്ന് മീനുകൾ അവർക്ക് ലഭിച്ചു. കരയിലെത്തിയപ്പോൾ യേശു അവർക്കായി പ്രാതൽ ഒരുക്കി വച്ചിരിക്കുന്നത് കണ്ടു. പ്രാതലിനുശേഷം യേശു ശീമോനോട് "നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" എന്ന് ചോദിച്ചു. ഉവ്വ് എന്ന് പത്രോസ് മറുപടി പറയുന്നു; മൂന്ന് പ്രാവശ്യം ഇത് ആവർത്തിക്കുന്നുണ്ട്. തുടർന്ന് യേശു: "നീ വയസ്സനായ ശേഷം മറ്റൊരുത്തൻ നിന്റെ അര കെട്ടി നിനക്ക് ഇഷ്ടമില്ലാത്ത ഇടത്തേക്ക് നിന്നെ കൊണ്ടുപോകും" എന്ന് പത്രോസിന്റെ മരണത്തെക്കുറിച്ച് സൂചിപ്പിച്ചു. അത് കേട്ടശേഷം പത്രോസ് യോഹന്നാനെക്കുറിച്ച് "കർത്താവേ, ഇവന് എന്ത് ഭവിക്കും?" എന്ന് ചോദിക്കുന്നു (യോഹ. 21:21).

സ്വന്തം മരണത്തെക്കുറിച്ച് അത് 'എപ്പോഴായിരിക്കും? എങ്ങനെയായിരിക്കും? എവിടെവച്ച് ആയിരിക്കും?' എന്നെല്ലാമുള്ള ജിജ്ഞാസ മനുഷ്യസഹജമാണ്. "യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്ന് ഞാൻ അറിയുമാറാകട്ടെ." എന്ന് ദാവീദ് പ്രാർത്ഥിക്കുന്നത് അതുകൊണ്ടാണ് (സങ്കീ. 39:4,5).

ദൈവം മുന്നമേ നിർണ്ണയിച്ചിട്ടുള്ളതെല്ലാം സംഭവിക്കും എന്നത് വസ്തുതയാണ്; എന്നാൽ അതിന്റെ മദ്ധ്യേനിന്ന് ഒഴിഞ്ഞുപോകുവാൻ പ്രാർത്ഥിക്കുന്നവർക്ക് സാധിക്കുമെന്ന് "ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ടിരിപ്പിൻ" എന്ന വചനത്തിൽ കർത്താവ് സൂചന നല്കുന്നുണ്ട്.

ഉയിർപ്പിന്റെ ആദ്യ സാക്ഷ്യം നിർവഹിച്ചത് വനിത...

(1-ാം പേജ് തുടർച്ച)

തൃകാപരമായ പങ്കുവഹിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു

'ക്രിസ്തുവിൽ വേരുറച്ചവരും മിഷനിലൂടെ നയിക്കപ്പെടുന്നവരും' (Women rooted in Christ and routed through mission) എന്നതാണ് ഈ വർഷത്തെ സമ്മേളനത്തിന്റെ മുഖ്യ പ്രമേയം.

ദൈവനാമ മഹത്വത്തിനായി 223മത് മാർത്തോമ്മാ സുറിയാനി സേവികാ സംഘം സമ്മേളനം ഔദ്യോഗികമായി ആരംഭിച്ചതായി തിരുമേനി പ്രഖ്യാപിച്ചു.കുടുംബങ്ങളിലും സമൂഹങ്ങളിലും ഈ സ്നേഹത്തിന്റെയും പുനരുത്ഥാനത്തിന്റെയും സന്ദേശം എത്തിക്കാൻ എല്ലാ അമ്മമാരും സഹോദരിമാരും തയ്യാറാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ആതിഥേയ സംഘാടകർക്കും പങ്കെടുത്ത മുഴുവൻ പേർക്കും തിരുമേനി നന്ദി അറിയിച്ചു. ഫിലഡൽഫിയ ക്രിസ്തോസ് മാർത്തോമാ ഇടവകയാണ് സേവികാ സംഘം 22-ാമത് സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്നത്.

എച്ച്1 ബി വീസയിൽ കടുത്ത നിയന്ത്രണം:

(1-ാം പേജ് തുടർച്ച)

റൽ കോടതി വീണ്ടും വിലക്കേർപ്പെടുത്തി. ഭരണഘടനാപരമായ നയരൂപീകരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെയാണ് ഭരണകൂടം ഭീമമായ തുക ഫീസായി അടിച്ചേൽപ്പിച്ചതെന്ന് ചൂണ്ടിക്കാട്ടിയാണ് കോടതിയുടെ നിർണ്ണായക തീരുമാനം.

ഒഹായോയിൽ മാധ്യമ സംഗമം

(1-ാം പേജ് തുടർച്ച)

മാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാങ്കേതിക മുന്നേറ്റങ്ങളും വായനക്കാരുടെ/പ്രേക്ഷകരുടെ മാറുന്ന താത്പര്യങ്ങളും മാധ്യമരംഗത്ത് മാറ്റങ്ങൾ വരുത്തുന്ന ഈ സാഹചര്യത്തിൽ, ഗുണനിലവാരമുള്ള മാധ്യമപ്രവർത്തനത്തിന്റെ ഭാവി രൂപപ്പെടുത്താൻ സമ്മേളനം സഹായിക്കുമെന്ന് ഐ.എ.പി.സി. ഫൗണ്ടിംഗ് ചെയർമാൻ ജിൻസ്മോൻ സക്കറിയ വ്യക്തമാക്കി.

പുതിയ തലമുറയിലെ മാധ്യമപ്രവർത്തകർക്ക് വഴികാട്ടാനും അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്താനും സമ്മേളനം മികച്ചൊരു അവസരമായിരിക്കുമെന്ന് ഫൗണ്ടിംഗ് പ്രസിഡന്റ് അജയ് ഘോഷ് പറഞ്ഞു.

2014ൽ സ്ഥാപിതമായ ഇന്തോ അമേരിക്കൻ പ്രസ് ക്ലബ്ബ് മാധ്യമരംഗത്തെ ധാർമ്മികതയും മികവും നിലനിർത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. 110മത് രാജ്യാന്തര മാധ്യമ സമ്മേളനത്തിലേക്കുള്ള രജിസ്ട്രേഷൻ തുടരുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി https://indoamericanpressclub.com/imc സന്ദർശിക്കുക.

അധികാരത്തിലെത്തിയാൽ...

(1-ാം പേജ് തുടർച്ച)

യിരുന്നു. ന്യൂനപക്ഷ സമൂഹങ്ങൾ ഉന്നയിക്കുന്ന ആശങ്കകളുടെ പശ്ചാത്തലത്തിൽ, കോൺഗ്രസ് മധ്യപ്രദേശിൽ വീണ്ടും അധികാരത്തിലെത്തുന്ന സാഹചര്യമുണ്ടായാൽ നിലവിലുള്ള മതപരിവർത്തന വിരുദ്ധ നിയമങ്ങൾ പുനഃപരിശോധിക്കുകയും ആവശ്യമായ മാറ്റങ്ങൾ പരിഗണിക്കുകയും ചെയ്യുമെന്ന് സച്ചിൻ പൈലറ്റ് ഉറപ്പ് നൽകിയതായി സ്റ്റാൻലി ജോർജ് പറഞ്ഞു.

വിദേശ സംഭാവനകൾ സ്വീകരിക്കുന്ന സഭകൾ, മതസംഘടനകൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, സിവിൽ സൊസൈറ്റി സംഘടനകൾ എന്നിവയെ ബാധിക്കുന്ന Foreign Contribution Regulation Act (FCRA) സംബന്ധിച്ച ആശങ്കകളും ചർച്ചയായി. നിയമപരമായ റിപ്പോർട്ടിംഗ്, സാമ്പത്തിക സുതാര്യത തുടങ്ങിയ ആവശ്യകതകൾ നിലനിൽക്കുമ്പോഴും, നിയമപരമായ മതപരവും മാനവികവുമായ പ്രവർത്തനങ്ങളെ അനാവശ്യമായി തടസ്സപ്പെടുത്താത്ത രീതിയിലുള്ള നിയന്ത്രണ സംവിധാനത്തിന്റെ ആവശ്യകതയും ചർച്ചയിൽ ഉയർന്നു. മതപരിവർത്തനം, വിദേശ സംഭാവനകൾ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ ഇന്ത്യയുടെ ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം, സമത്വം, നിയമപരമായ നടപടിക്രമങ്ങൾ എന്നിവയുമായി പൊരുത്തപ്പെടുന്ന രീതിയിൽ നടപ്പാക്കേണ്ടതിന്റെ പ്രാധാന്യവും കൂടിക്കാഴ്ചയിൽ ചൂണ്ടിക്കാട്ടപ്പെട്ടു. ന്യൂനപക്ഷാവകാശങ്ങളും മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ രാഷ്ട്രീയ നേതാക്കളുമായും നയരൂപീകരണ രംഗത്തുള്ളവരുമായും FIACONA നടത്തുന്ന തുടർച്ചയായ ഇടപെടലുകളുടെ ഭാഗമായാണ് ഈ കൂടിക്കാഴ്ച നടന്നത്.

ചെന്നൈയിൽ മലയാളം ആരാധന



Pastor. C.K. Reji

ചെന്നൈയിൽ പുതിയതായി വരുന്നവരെ
മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും
നടുക്ക് Church of God (Full Gospel)
In India No: 25/2 New colony 13th cross street
Chromepet Chennai - 44

SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM

Phone - 22411060, Mob: 9382599333

MM71/26 Pentecostal boy (Nair background), 35 yrs, 175 cm, Wheatish, Legally divorced. Working as HVAC/R-Engineering Technician in Malta. Seeking suitable alliances from Pentecostal girls.

Ph. 9645681023
7025423796,
+91 72004 28001

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 70/26 Syrian Christian Pentecostal parents invite proposal for their daughter 28 (15 July 1998), MBA, Worked at Ernst and Young as Tax Analyst. Now working at Deloitte. Seeking alliance from parents of spiritual and educated boys.

Ph: 9447069885
9447248221

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 69/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ്. 40 വയസ്സ്, 150 സെ.മീ. ഉയരം. പുനർ വിവാഹം. കുവൈറ്റിൽ ജോലി. രക്ഷിക്കപ്പെട്ടു ദൈവകൃപയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9539927758,
+96569603367 (w)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 68/26 ചേരമർ ക്രിസ്ത്യൻ സി.എ സ്സ്.ഐ. സഭാംഗമായ യുവാവ്. 41 വയസ്സ്, 160 സെ.മീ. ഉയരം. കോട്ടയം കുമരകത്ത് റിസോർട്ടിൽ ജോലി. പുനർ വിവാഹം. ബാധ്യതകൾ ഒന്നുമില്ല. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

6238207715

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 67/26 ചേരമർ ക്രിസ്ത്യൻ സി.എ സ്സ്.ഐ. സഭാംഗമായ യുവതി. 40 വയസ്സ്. ബി.എ സ്സ്.സി. നെഴ് സ്. കേരളത്തിൽ സ്വകാര്യ ആശുപത്രിയിൽ ജോലി. പുനർ വിവാഹം. ബാധ്യതകൾ ഇല്ലഅനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

6238207715

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 66/26 പെന്തെക്കോസ്ത് യുവാവ്. 40 വയസ്സ്, 150 സെ.മീ. ഉയരം. പുനർ വിവാഹം. കുവൈറ്റിൽ ജോലി. രക്ഷിക്കപ്പെട്ട് ദൈവകൃപയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9539927758,
+96569603367 (w)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 65/26 കോട്ടയത്തെ പ്രമുഖ സ്വകാര്യസ്ഥാപനത്തിൽ ജോലിയുള്ള ഹൈന്ദവ പശ്ചാത്തലത്തിൽ ' നിന്ന് പന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 32 വയ ??. 168 സെ.മീ. ഉയരം.അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ജാതി ഏതുമാകാം.

9567045696, 8139066416

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 64/26 കോട്ടയത്തുള്ള ഡിസ്റ്റിബ്യൂഷൻ കമ്പനിയിൽ ജോലിയുള്ള യാക്കോബായ സഭാംഗമായ യുവാവ്. 33 വയസ്. +2, ഐ.റ്റി. ഐ., അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9605122023,
9544205573

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 63/26 മധ്യ തിരുവിതാം കൂറിലെ എയ്ഡഡ് സ്കൂളിൽ സ്ഥിരം ജോലിയുള്ള ബ്രദറൺ യുവാവ്. 36 വയസ്. 175 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

7510358336

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 62/26 ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ. മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9207567206

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 61/26 നായർ സമുദായത്തിൽനിന്നും പെന്തക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ് 175 സെ.മീ. ഉയരം. വെളുത്ത നിറം, നിയമപരമായി. വിവാഹ ബന്ധം വേർപെടുത്തി യത്. മാൾട്ടയിൽ HVAC/ R എൻജിനിയറിംഗ് ടെക്നീ ഷ്യനായി ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9645681023, 7025423796,
+35699408080 (w)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 60/26 US-settled, God-fearing Christian boy (26), professionally qualified with degree in business studies, currently employed with a multinational company, well-settled, talented, and family-oriented. Parents are seeking a suitable God-fearing Christian girl, preferably from the medical field, for marriage. For further details, please contact:

469-858-2999

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 59/26 Syrian Christian Pentecostal parents from Pathanamthitta District invite suitable proposals for their son, 45 yrs, widower since 7 years, Pastoring a church and involved in church planting ministry across India, with B.A, M.Div, ITES and persuing Doctorate from a reputed international University.
Parents of suitable girls/widows who have a calling for full-time ministry please contact

+91 9847854225

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 58/26 CNI parents Mumbai invite proposals for their daughter, 32, DOB: 03.11.1993, 5.2ft, B.Sc. Zoology, B.Ed. MSc., M.Ed., MA English Literature., MSW, Teacher. Seeking suitable alliance from God fearing ministry minded person from anywhere in India or abroad. Better job or Business person.

9969819656
Email:
chauhansurekha311@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 57/26 ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9207567206

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 56/26 ചേരമർ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ്. 29 വയസ്. 162 സെ.മീ.ഉയരം. ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ. കൊച്ചിയിൽ സ്റ്റാർ ഹോട്ടലിൽ എഫ്& ബി. മാനേജരായി ജോലി. അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.'

9567525255, 9744043028

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 55/26 തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹമോചിതയായ പെന്തക്കോസ്ത് യുവതി. 28 വയസ്. 150 സെ.മീ., ബി.എ.,അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9744632187

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 53/26 Syrian Christian Pentecostal parents invite proposals for their daughter, 25, DOB : 20/07/2000, 164 cm, 52 kg, BTech(Computer Science) , Worked as Quality Assurance Engineer for 1 year and 7 months, Now pursuing Masters in Engineering Management from La Trobe University, Melbourne, Australia (Final Year). Seeking proposals from boys who is baptized, well-educated, and professionally qualified. Preference to those who are settled in Australia.

9446685615

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM52/26 Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

Phone father: +919447008566
Mother: +919446867777

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM51/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി.എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8301892407, 8330814516

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM50/26 യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM49/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM48/26 മധ്യ തിരുവിതാം കൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM47/26 നായർ സമുദായത്തിൽനിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ്. പുനർവിവാഹം. 170 സെ.മീ. ഉയരം. മാൾട്ടയിൽ എൻജിനിയറിംഗ് ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9645681023, 7025423796

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM46/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM44/25 Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications- Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

WhatsApp +9181130 34181
or email ptk0371@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM41/25 Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

Ph: 9444951080, 9382599333
ckreji@gmail.com,
ckreji@hotmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖



MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101

മരുപ്പച്ച
സമകാലിക പത്രിക

www.maruppacha.com

05 ഒക്ടോബർ 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 05 -10 - 2026

വില
750/-
+Postage

A Biblical Encyclopedia
27777
ബൈബിൾ ക്വിസ്
ബൈബിൾ പ്രശ്നോത്തരിയിൽ ബൃഹത് ഗ്രന്ഥം
രണ്ടാം പതിപ്പ്
ഏബ്രഹാം മർക്കോസ് കൊച്ചറ MA MTh, Mphil
പോൾമി ഏബ്രഹാം

- ബൈബിൾ പ്രശ്നോത്തരികളുടെ പുതിയ ശേഖരം
- മലയാളത്തിലാദ്യമായി ഒരു ബൃഹത് ഗ്രന്ഥം
- അറുപത്താറ് പുസ്തകങ്ങളിൽ നിന്നുള്ള വിശദീകരണ ചോദ്യങ്ങളും ഉത്തരങ്ങളും
- ബൈബിൾ പഠിതാക്കൾക്കൊരു വിജ്ഞാന ഭണ്ഡാരം

DEEPTHI BOOK HOUSE
Planthottam Complex, Thiruvalla - 689 101
പുസ്തകം ലഭിക്കാൻ പേരും മേൽവിലാസവും
9961720195 നമ്പരിൽ വാട്ട്സ്ആപ്പ് ചെയ്യുക

Shaji Samuel
CPA
shajisamuel.cpa
info@shajisamuel.cpa
Shaji Samuel, CPA
Company & Personal Tax Returns
Bookkeeping & Payroll Services
Business Formation
IRS Representation & Tax Planning
Medicare & Medicaid Cost Reports
2435 N Central Expy, Ste 1277
Richardson, TX 75080
+1 469 782 4423

അപ്പൊസ്തലന്മാരുടെ പാദങ്ങൾ പതിഞ്ഞ ദീപുകളിലൂടെ സഞ്ചാരം!
ക്രേത്ത – കുപ്രോസ് – മെലിത്ത
CRETE – CYPRUS – MALTA
9 പകലുകൾ
8 രാത്രികൾ

- അപ്പോസ്തലനായ പൗലോസിന്റെ മിഷനറി സഞ്ചാരപഥം.
- വിശുദ്ധന്മാരായ മർക്കോസ്,
- ബർന്നബാസ്, ലാസർ,
- തിമോഥി, തീത്തോസ് തുടങ്ങിയവരുടെ പ്രേഷിത ഭൂമിക!
- ആദിമ വിശുദ്ധന്മാരുടെ ദീപുകൾ
- പുതിയ നിയമത്തിലെ ദീപുകൾ



The Olive Way TOURS
91 9961720195
9961103983
olivewaytours@yahoo.com

TRAVEL FOR OPPORTUNITIES
BUILD A BRIGHTER TOMORROW
ISRAEL
BUSINESS VISA
TRAVEL | MEET | COLLABORATE | GROW
Your Trusted Travel Partner
HISTORY INSPIRES BUSINESS BUILDS TOMORROW
New Opportunities in a Land of Innovation
BUSINESS MEETINGS
EXPAND YOUR NETWORK
EXPLORE INVESTMENT OPPORTUNITIES
Explore Partner Prosper
OUR SERVICES INCLUDE
- Guidance on Israel Business Visa requirements
- Document preparation and review
- Appointment scheduling support
- Travel and stay guidance
- End-to-end professional assistance

FOR BUSINESS TRAVELERS GLOBAL OPPORTUNITIES ARE CLOSER THAN YOU THINK
PLAN YOUR TRIP
APPLY WITH CONFIDENCE
TRAVEL SECURELY
ACHIEVE MORE
Contact
9400121000
More than a Destination A World of Possibilities
BUSINESS | PEOPLE | PROGRESS | ISRAEL

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.